# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021ഫെബ്രുവരി 18

# വാർത്താക്കുറിപ്പ്

## യു.ജി./പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ; അപേക്ഷ തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാല യു.ജി./പി.ജി. പ്രൈവറ്റ് രജിസ്ട്രേഷന് സൂപ്പർഫൈനോടെ ഫെബ്രുവരി 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/261/2021)

## അപേക്ഷ തീയതി

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. സൈബർ ഫോറൻസിക് (2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013 - 2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി 24 വരെയും 525 രൂപ പിഴയോടെ ഫെബ്രുവരി 25 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 26 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. റീഅപ്പിയറൻസ് പരീക്ഷയെഴുതുന്നവർ 55 രൂപ രജിസ്ട്രേഷൻ ഫീസായി മറ്റ് ഫീസുകൾക്ക് പുറമെ അടയ്ക്കണം. ഇന്റേണൽ ഇവാല്യുവേഷൻ റീഡു ചെയ്യുന്നവർ പേപ്പറിന് 105 രൂപ വീതം ഫീസടച്ച് അപേക്ഷിക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/262/2021)

## പരീക്ഷഫലം

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ് സി. ഫിസിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് നാലുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/263/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.കോം. (ഇ-കോമേഴ്സ്) സി.എസ്.എസ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/264/2021)

## വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ ഗസ്റ്റ് അധ്യാപക പാനലിൽ ഉൾപ്പെടുത്തുന്നതിനായി യോഗ്യരായവരുടെ വോക്-ഇൻ-ഇന്റർവ്യൂ മാർച്ച് അഞ്ചിന് രാവിലെ 10ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടറുടെ ചേമ്പറിൽ നടക്കും. രണ്ട് ഒഴിവാണുള്ളത് (ഈഴവ 1, ഓപ്പൺ 1) യു.ജി.സി. നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. 2021 ജനുവരി ഒന്നിന് 41 വയസ് കവിയരുത് (എസ്.സി./എസ്.ടി., മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ലഭിക്കും). താല്പര്യമുള്ളവർ വെള്ളപേപ്പറിൽ എഴുതി തയാറാക്കിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി തെളിയിക്കുന്ന/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധികയോഗ്യത എന്നിവയുടെ അസൽ രേഖകളും പകർപ്പും സഹിതം മാർച്ച് അഞ്ചിന് രാവിലെ 10ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഫീസിൽ എത്തണം. ഉദ്യോഗാർഥികൾ കോവിഡ്-19 വൈറസ് പ്രോട്ടോക്കോൾ പാലിച്ച് പങ്കെടുക്കണം.

(പി.ആർ.ഒ/39/265/2021)

## ഹാർഡ്‌വെയർ എൻജിനീയർ കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിൽ ഒരു വർഷത്തേക്ക് താൽക്കാലികാടിസ്ഥാനത്തിൽ ഹാർഡ് വെയർ എൻജിനീയർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. 2021 ജനുവരി ഒന്നിന് 18 വയസിനും 36

വയസിനും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. മാസം 15000 രൂപ ലഭിക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/266/2021)

## യൂണിയൻ തെരഞ്ഞെടുപ്പ് മാർച്ച് 19ന്

മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് (2019-2020) സർവകലാശാല അസംബ്ലിഹാളിൽ നടക്കും. പ്രാഥമിക വോട്ടർ പട്ടിക ഫെബ്രുവരി 17ന് സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

(പി.ആർ.ഒ/39/267/2021)

## മെരിറ്റ് സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്, മെഡിക്കൽ ധനസഹായം; അപേക്ഷിക്കാം

അംഗപരിമിതരായ വിദ്യാർഥികൾക്കുള്ള 2019-20 അക്കാദമിക വർഷത്തെ മെരിറ്റ് സ് കോളർഷിപ്പ്, 2019, 20 വർഷങ്ങളിൽ ജനവരി 26ലെ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്തിട്ടുള്ള എൻ.സി.സി., എൻ.എസ്.എസ്. വോളന്റിയർമാർക്കുള്ള ക്യാഷ് അവാർഡ്, അർഹരായ വിദ്യാർഥികൾക്കുള്ള മെഡിക്കൽ ധനസഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ 2021 മാർച്ച് അഞ്ച് വൈകീട്ട് 4.30 വരെ ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ്, മഹാത്മാഗാന്ധി സർവകലാശാല, പി.ഡി.ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ സ്വീകരിക്കും. കോളേജ് പ്രിൻസിപ്പൽമാർ സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കണം. നിർദ്ദിഷ്ട അപേക്ഷഫോമിനും വിശദവിവരങ്ങൾക്കും www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0481-2731031.

(പി.ആർ.ഒ/39/268/2021)

**നജീബ്എം.**

പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)